**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2988** **28-02-2023 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ശുദ്ധജല മത്സ്യകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കടൽ, ഉൾനാടൻ മത്സ്യോല്പാദനത്തിലൂടെ 8.26 ലക്ഷം മെട്രിക് ടൺ മത്സ്യമാണ് നിലവിൽ ഉല്പാ ദിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വാർഷിക ആഭ്യന്തര മത്സ്യ ഉപഭോഗത്തിനു ആവശ്യമായത് 7.5 ലക്ഷം മെട്രിക് ടണ്ണാണ്. ആകെ ഉല്പാദിപ്പിച്ച മത്സ്യത്തിൽ 1.45 ലക്ഷം മെട്രിക് ടൺ കയറ്റുമതി ചെയ്യുന്നുണ്ട് എന്നിരിക്കെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപഭോഗത്തിനായി ലഭിക്കുന്നത് 6.81 ലക്ഷം മെട്രിക് ടൺ മത്സ്യം മാത്രമാണ്. ഇതനുസരിച്ച് 0.69 ലക്ഷം മെട്രിക് ടൺ മത്സ്യത്തിന്റെ കുറവാണ് സംസ്ഥാനത്ത് നിലവിലുള്ളത്.<br><br>ഈ കുറവ് പരിഹരിക്കുന്നതിനായി മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ശുദ്ധജല മത്സ്യകൃഷിക്കായി കുളങ്ങളും പാടശേഖരങ്ങളും ഉൾപ്പെടെ 58,188.68 ഹെക്ടർ സ്ഥലം ഉപയോഗപ്പെടുത്തി അത്രയും പ്രദേശത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മത്സ്യ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. നിലവിൽ 25671 ഹെക്ടർ സ്ഥലം ശുദ്ധജല മത്സ്യകൃഷിക്കായി ഉപയുക്തമാക്കിയിട്ടുണ്ട്. ശുദ്ധജല മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 3523.84 ലക്ഷം രൂപയുടെ വിവിധ ശുദ്ധജല മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് | (ബി) | ശുദ്ധജല മത്സ്യോല്പാദനം ഉൾപ്പെടെയുള്ള ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; പ്രസ്തുത നടപടികളുടെ ഫലമായി മത്സ്യോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | | 2022-23 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>2021-22 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും 1081.80 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റിസർവോയർ പദ്ധതിയ്ക്കും ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ ഓരുജല, ശുദ്ധജല മത്സ്യകൃഷി പദ്ധതികളിലൂടെ 2020-21 സാമ്പത്തിക വർഷത്തെ 34,987 മെട്രിക് ടണ്ണായിരുന്ന മത്സ്യോല്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 37,521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതന കൃഷിരീതികൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ ഉല്പാദനത്തിനും അവയുടെ കാര്യക്ഷമമായ വിതരണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ചുള്ള നൂതന മത്സ്യകൃഷി രീതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 2800 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, 305 റീ സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകൾ, 1453 ബയോഫ്ളോക്ക് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു വരുന്നു. 2021-22 സാമ്പത്തികവർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 3064 ബയോഫ്ളോക്ക് യൂണിറ്റുകളും 5373 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (ഇന്റൻസീവ് അക്വാകൾച്ചർ) യൂണിറ്റുകളും, 498 റീ സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 100 റീ സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകളും400 ബയോഫ്ളോക്ക് യൂണിറ്റുകളും സ്ഥാപിക്കാനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു.<br><br>ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും അവ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകുപ്പിന് കീഴിലുള്ള 31 ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉല് പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്ത് ഉല്പാ ദനത്തിനായി |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവി ടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അതുവഴി ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മേക്കായയുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുല്പാദനത്തിനായി 50 ലക്ഷം ഉല്പാദന ശേഷിയുള്ള വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനും ആലപ്പുഴ ജില്ലയിലെ വളഞ്ഞവഴിയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ വിത്തുല്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ഉല്പാദനശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 25-ൽ ഉൾപ്പെടുത്തി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖേന നടപ്പാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു മൾട്ടി സ്പീഷീസ് ഫിഷ് സീഡ് ഫാം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇത് കൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.<br><br>നടപ്പ് സാമ്പത്തിക വർഷം വകുപ്പിന്റെകീഴിലുള്ള ഫാമുകൾ/ഹാച്ചറികൾ എന്നിവയിലായി 452 ലക്ഷം മത്സ്യവിത്തുകളുടെ ഉല്പാദനം ലക്ഷ്യമിട്ട് 'ഓപ്പറേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഗവണ്മെന്റ് ഫിഷ് സീഡ് ഫാംസ് ആൻഡ് ഹാച്ചറീസ് 2022-23 (ആക്ഷൻ പ്ലാൻ 2022-23) എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുല്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ സംസ്കരണത്തിനും മെച്ചപ്പെട്ട വിതരണശൃംഖല സൃഷ്ടിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കുമോ? | (ഡി) | സംയോജിത മത്സ്യ സംസ്കരണത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാ ദിപ്പിക്കുന്നതിനായി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് ഫണ്ട് (RIDF) വിനിയോഗിച്ചു കൊണ്ട് ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി ഒരു ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | മത്സ്യഫെഡിന് നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ ശുദ്ധജല മത്സ്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>ഉൾനാടൻ ജനകീയ മത്സ്യകൃഷിയായ 'സുഭിക്ഷകേരളം' പദ്ധതിയുടെ ഭാഗമായി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് അഡാക്ക് മുഖേന മത്സ്യകൃഷി വഴി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റ് ഔട്ട്ലറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി ഔട്ട്ലറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ